മിസ്റ്റർ പി. കെ. ഡീവർ : ഏതു കച്ചവടക്കാരനായിരുന്നാലും മൂന്നോ, നാലോ ആണക്കു് വില്ക്കുന്ന സാധനത്തിൽ കുറെ നഷ്ടപ്പെട്ടുപോയാൽ അതു പരിഹരിക്കുന്നതിനുവേണ്ടി വേറെ നല്ല സാധനങ്ങളിന്മേൽ ഇതിന്റെ വിലയുംകൂടി ചുമത്തി വില്ക്കുകയാണു് ചെയ്യുന്നതു്. ആ നില നമ്മളും മറക്കരുതു്. ഇങ്ങിനെ കച്ചവടക്കാർ പാവപ്പെട്ട ആളുകളുടെ മേൽ കുതിരകയറുന്ന സമ്പ്രദായത്തെക്കുറിച്ചു പറയുമ്പോൾ കച്ചവടക്കാക്കു കാലുഷ്യമുണ്ടാകുമെന്നു് ഞങ്ങൾക്കറിയാം. വാസ്തവത്തിൽ ഞങ്ങൾക്കു് ആവശ്യമായിട്ടുള്ള ഇടപാടുകളോ വ്യവസായങ്ങളോ കച്ചവടക്കാക്കു ചെയ്യുവാൻ സാധിക്കാതെവരുമ്പോൾ അതിന്റെ കുറവുകളും കുറവുകളും പൊക്കിപ്പിടിച്ചു കുറെ പറയുക സാധാരണയാണു്. അതു ആ കച്ചവട മനഃസ്ഥിതിയുള്ളതുകൊണ്ടാണു്. ഞാനും ഒരു കച്ചവടക്കാരനായിരുന്നുവെങ്കിൽ അങ്ങിനെ പറയും. സർ, ഇവിടെ റേഷനിംഗ് നടപ്പായകാലത്തു് കച്ചവടക്കാർ അതിനെതിരായി പാവപ്പെട്ട ആളുകളെ പല തെറ്റിദ്ധാരണകളും പറഞ്ഞു ഫലിപ്പിച്ചിരുന്നു. അന്നു് ആ പാവപ്പെട്ട ആളുകൾ അതു വിശ്വസിച്ചിരുന്നു. കൺട്രോൾ വന്നതുകൊണ്ടാണു് അരിയും മറ്റു സാമാനങ്ങളും ശരിക്കു കിട്ടാത്തതെന്നും പിന്നീടു അതു് ശരിക്കു് കിട്ടാൻ തുടങ്ങിയപ്പോൾ അപവാദങ്ങൾക്കിടയാകാതിരുന്നതും എല്ലാം ഇവിടത്തെ കച്ചവടക്കാരുടെ കുപ്രചരണമായിരുന്നുവെന്നുള്ളതു് ഞങ്ങൾ ഒരിക്കലും മറക്കുകയില്ല. അതുകൊണ്ടു് ഫ്ലൈയിംഗ് സ്ക്വാഡുകളുടെ നടപടിയിൽ കുറവില്ലെന്നല്ല ഞാൻ പറയുന്നതു്. ഫ്ലൈയിംഗ് സ്ക്വാഡുകളുടെ കുറവു ചൂണ്ടിക്കാണിക്കുന്നതോടൊപ്പംതന്നെ ഇവിടത്തെ കച്ചവടക്കാരോടു് സാമാന്യജനങ്ങളെ ചൂഷണംചെയ്യാതിരിക്കണമെന്നു് പറയുവാനും ഞാൻ ആഗ്രഹിക്കുന്നു. അതുകൊണ്ടു് ഈവക കാര്യങ്ങളൊക്കെ തെറ്റിദ്ധരിക്കാതെ ഇവിടത്തെ ജനങ്ങൾക്കു് ഉപകാരപ്രദമായ വിധത്തിലുള്ള നിർദ്ദേശങ്ങളാണെന്നു് മനസ്സിലാക്കികൊണ്ടു് അതർഹിക്കുന്ന വിധത്തിൽ വീക്ഷിച്ചു് വേണ്ട നടപടിയെടുക്കണമെന്നാണു് എനിക്കു പറയുവാനുള്ളതു്. സർ, നമ്മുടെ നാട്ടിൽ ഇപ്പോഴുള്ള ഏർപ്പാടുകൾ അശേഷം തൃപ്തികരമല്ലെന്നു പറയുവാൻ ഞാനാഗ്രഹിക്കുന്നു. പല പ്രാവശ്യവും കൊച്ചിയുടെ പല ഭാഗങ്ങളിലായി സഞ്ചരിക്കുവാനിടവന്നിട്ടുള്ളതിൽ നിന്നു് പല കാര്യങ്ങളും എനിക്കു് നേരിട്ടു അനുഭവപ്പെടാൻ കഴിഞ്ഞിട്ടുണ്ടു്. ഈ അടുത്ത മാ

LIBRARY ARCHIVES Kerala Legislative Assembly

സത്തിൽ നാലഞ്ചു പ്രാവശ്യം ഞാൻ ആലപ്പുഴയിലേക്കു പോവുകയുണ്ടായി. കൊച്ചിയുടെ അതൃത്തിക്കുള്ള എക്സൈസു പോസ്റ്റിന്റെ മുമ്പിൽ ചെന്നപ്പോൾ ബസ്സു നിറുത്തുകയും പെട്ടിയും മറ്റു സാമാനങ്ങളും ഉള്ള ആളുകൾ എക്സൈസ്സു് ശിപായിയുടെ അടുത്തുപോയിട്ടു വരണമെന്നു് ഡ്രൈവർ പറയുകയും ചെയ്തു. എന്റെ കൈവശം ഒരു ചെറിയ പെട്ടിയുണ്ടായിരുന്നു. ഞാൻ മാത്രം അയാളുടെ അടുക്കൽ പോയില്ല, ഞാൻ അവിടെ തന്നെനിന്നു പെട്ടിയുള്ള *ആളുകൾ ശിപായിയുടെ അടുക്കൽ പോയി മടങ്ങി വരുമ്പോൾ എല്ലാവരും പേഴ്സു് തുറന്നു് മടക്കിക്കൊണ്ടാണു് വരുന്നതു്.

മിസ്റ്റർ എൽ. എം. പൈലി : അതുകൊറി ചെയ്കയില്ലല്ലേ?

മിസ്റ്റർ പി. കെ. ഡീവർ : ഇടക്കൊച്ചിയിൽ നമ്മുടെ അതൃത്തിയിലുള്ള എക്സൈസ്സു് പോസ്റ്റിലാണു്. അതുപോലെതന്നെ വേറെയും പല ബുദ്ധിമുട്ടുകളുണ്ടു്. നമ്മുടെ ഡെപ്പോകളിലെ അളവുകളെപററി വലിയ ആക്ഷേപമുണ്ടു്. സെൻടൽ ഡെപ്പോകളിൽ നിന്നു് അരി തൂക്കീട്ടാണു കൊടുക്കുന്നതു്. എന്നാൽ കച്ചവടക്കാർ കൊടുക്കുന്നതു് അളന്നിട്ടാണു്. അളവിന്റെ വ്യത്യാസംകൊണ്ടു് അഞ്ചും, ആറും ചാക്കു് അരി അധികം വരാറുണ്ടത്രെ. ഈ അധികം വരുന്ന അരിയെല്ലാം വള്ളത്തിൽ കയററി കൊടുങ്ങല്ലൂർ വഴി എടത്തുരുത്തി, മതിലകം മുതലായ സ്ഥലങ്ങളിലേക്കു കടത്തികൊണ്ടു പോകാറുണ്ടു്. മുമ്പൊരിക്കൽ ഞാറക്കൽ തോട്ടിൽകൂടി ഒരാൾ നനച്ചുനീന്തി ചാടിക്കടക്കേണ്ടി വന്നിട്ടുണ്ടു്. വാസ്തവത്തിൽ എന്റെ അനേഷണത്തിൽ അതു ഡെപ്പോവിൽനിന്നു് ഒരു കച്ചവടക്കാരൻ മുഖേന പുറത്തേക്കു് അയച്ചതാണു്.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: അതു പൊതുജനങ്ങളെ ചൂഷണം ചെയ്യലല്ലേ?

മിസ്റ്റർ പി. കെ. ഡീവർ : ഉദ്യോഗസ്ഥനും കച്ചവടമനസ്ഥിതി വന്നുകഴിഞ്ഞാൽ അയാളും ദ്രോഹിയായിപ്പോകും. ഒരു വ്യക്തിക്കു പ്രത്യേകമായിട്ടുള്ള ഒരു ദോഷമല്ല അതു്

Mr. President: I would ask the Hon'ble Member to close his speech within two minutes.

Mr. P. K. Dewer *(Nominated):* If you will permit me, Sir, I will continue after lunch.

Mr. President: The Hon'ble Member has already exceeded his time.

മിസ്റ്റർ പി. കെ. ഡീവർ : മിസ്റ്റർ തോമക്കുട്ടിക്കോ കൂട്ടർക്കോ ഉള്ളതായ ഒരു ദോഷമല്ല, അതു്. ആ കച്ചവടമനസ്ഥിതിയുള്ളതുകൊണ്ടു് ഒരു ദ്രോഹിയായിട്ടു് വന്നുപോകുന്നുവെന്നെയുള്ളു. അതുകൊണ്ടു് അങ്ങിനെയുള്ള കാര്യങ്ങളിൽ പ്രത്യേകം ശ്രദ്ധിക്കണം. അതുപോലെതന്നെ നെല്ലുപുഴുങ്ങുന്നു് കാര്യത്തിലും ഈ ന്യൂനതകളേയും പരിഹരിക്കണം. ചെറിയ ഉദ്യോഗസ്ഥന്മാർ ചെയ്യുന്ന കുററങ്ങളിൽ വാസ്തവത്തിൽ ഫുഡ് ഡയറക്ടർ നിസ്സഹായനാണെന്നു് ഞങ്ങൾക്കറിയാം. അതുകൊണ്ടു് ഈവക കാര്യങ്ങളെക്കുറിച്ചു് ഗവൺമെണ്ടു് കാര്യമായ വിധത്തിൽ ശ്രദ്ധിക്കണമെന്നു് മാത്രമേ ഞാൻ പറയുന്നുള്ളു.

The House rose for lunch at 1-30 p. m. and reassembled at 2-30 p. m. with the Hon'ble Diwan President in the Chair.

Mr. President: The time allotted to this demand expires at 4-15 p. m. I propose that a quarter of an hour should be given to the Food Member to reply to the points raised during discussion.

*മിസ്റ്റർ കെ. എസ്സു്. പണിക്കർ : സർ, ഈ ഭക്ഷ്യവകുപ്പിനെ സംബന്ധിച്ചുള്ള ചോദ്യങ്ങൾ വരുമ്പോൾ ഈ നിയമസഭ ആകെയൊന്നു് ഇളകികാണാറുണ്ടു്. അതിനുള്ള കാരണം അതിനെപ്പററി എത്രതന്നെ പറഞ്ഞാലും മതിയാകാത്തതുകൊണ്ടാണു്. പ്രധാനമായി എനിക്കു് ഇതിനെ സംബന്ധിച്ചു് ചില നിർദ്ദേശങ്ങൾ നൽകുവാനുണ്ടു്. ഇപ്പോഴത്തെ ഭരണം വളരെ താറുമാറായിട്ടാണു് കിടക്കുന്നതെന്നുള്ള അഭിപ്രായമാണു് എനിക്കുള്ളതു്. മറ്റുള്ള രാജ്യങ്ങളെ താരതമ്യപ്പെടുത്തി നോക്കുമ്പോൾ നമ്മുടെ കൊച്ചിയിലെ ഭക്ഷണവകുപ്പിന്റെ കാര്യം കുറച്ചു ഭേദമാണെന്നു് സമ്മതിക്കാതെ നിവൃത്തിയില്ല, എന്നാൽ മറ്റു രാജ്യങ്ങളേക്കാൾ ഭേദമാണെന്നുണ്ടെങ്കിലും ഇതിന്റെ ഭരണത്തിലുള്ള വൈകല്യങ്ങളെ ചൂണ്ടിക്കാണിക്കാതിരിക്കുവാൻ നിവൃത്തിയില്ല. വകുപ്പദ്ധ്യക്ഷൻ അതിലുള്ള

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

ന്യൂനതകളെ മനസ്സിലാക്കി അതിനു് വേണ്ടതായ ഒരു പരിഹാരം ഉണ്ടാക്കി ഭരണം കുറെ ക്കൂടി ഭേദപ്പെട്ടത്തണമെന്നുള്ള സദുദ്ദേശമാണു് എനിക്കുള്ളതു്.

ഒന്നുമെതായിട്ടു് നെല്ലു വാങ്ങിക്കുന്ന കാര്യത്തിലാണു് സാധാരണ വെന്പാട്ടക്കടിയാ ന്മാരെ കർശനമായി നിർബ്ബന്ധിക്കുകയും അവരുടെ നെല്ലു് ഉള്ളതു മുഴവനും നിർബ്ബന്ധമാ യി പിടിച്ചു പറ്റുകയും ചെയ്യുന്നതു്. എന്നാൽ അതേസമയത്തുതന്നെ ഈ നിയമസഭയ്ക്കു് ചോദ്യം ചെയ്യുവാൻ അധികാരമില്ലാത്ത സ്ഥാനങ്ങളിലുണ്ടാവുന്ന ആളുകളുടെയും, അവരു ടെ ചാർച്ചക്കാരുടെയും, നെല്ലു് ഗവമ്മെണ്ടു് അതു നിർബ്ബന്ധമായിട്ടു് എടുത്തുകാണുന്നില്ല. ഒരിക്കൽ നിർബ്ബന്ധമായിട്ടു് തലപ്പിള്ളി താലൂക്കിലുള്ള ഒരാളുടെ നെല്ലു് എടുക്കുകയാൽ ആ സ്ഥലം പുണ്യാഹം ചെയ്യുന്നതിനുള്ള വകയും കൂടി കൊടുപ്പിച്ചതായി കേട്ടിട്ടു ണ്ടു്. എന്നതന്നെയല്ല, ആ നെല്ലു് എടുക്കുവാൻ പോയതായ ഉദ്യോഗസ്ഥനെ ശിക്ഷി ച്ചിട്ടുണ്ടോയെന്നും കൂടി സംശയമാണു്. അങ്ങിനെയാണു് നെല്ലെടുപ്പു് സന്പ്രദായം ഇ വിടെ നടപ്പിലിരിക്കുന്നതു്. ഈ നെല്ലെടുപ്പിലുള്ള അനാസ്ഥയെക്കുറിച്ചു് ഒരു പോ ല്ലീസ്സുദ്യോഗസ്ഥൻ എന്നോടു പറയുകയുണ്ടായി, ഒരു പതിനായിരം പറ നെല്ലംക്കൂടി മണലൂർ, ഏനാമാവു് ഈ സ്ഥലങ്ങളിൽനിന്നു് കൂടുതലായി എടുക്കുവാൻ സാ ധിക്കുമെന്നു്. പക്ഷേ, അദ്ദേഹം എന്നോടു് പറഞ്ഞതു് അദ്ദേഹത്തിന്റെ ഉദ്യോഗം പോ കുകയില്ലെന്നു് മിസ്റ്റർ പണിക്കർ ഉറപ്പു പറയുകയാണെങ്കിൽ അതു് എടുക്കാമെന്നു് പ റഞ്ഞു. അദ്ദേഹത്തിനു് ഉറപ്പു കൊടുക്കുവാനുള്ള ധൈര്യം എനിക്കില്ല. വാസ്തവത്തിൽ ഭര ണത്തിന്റെ നില നോക്കുമ്പോൾ ഞാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചു് അതു് ചെയ്യിപ്പിച്ചാൽ അദ്ദേഹത്തിന്റെ ഉദ്യോഗം പോയിയെന്നും വരും. അപ്പോൾ അദ്ദേഹത്തേയോ, അദ്ദേഹ ത്തിന്റെ കുടുംബത്തേയോ രക്ഷിക്കുവാനുള്ള കഴിവു് എനിക്കുണ്ടായില്ലായെന്നും വരും. എ ന്നാൽ അതിനെ സംബന്ധിച്ചു് ഞാൻ വകുപ്പദ്ധ്യക്ഷനോടു് പറയുകയുണ്ടായി. ഉടനെത ന്നെ അവിടെനിന്നു് തഹസീൽദാരെ മാറ്റി വേറെയൊരാളെ വെച്ചു. അതിനുശേഷം വേറെ കുറെ നെല്ലംക്കൂടി എടുക്കുവാനായിട്ടു് സാധിച്ചുവെന്നു് എനിക്കറിയാം. അതുപോലെതന്നെ ചൂണ്ടൽ വില്ലേജിൽ ഒരു കൃഷിയുടമസ്ഥന്റെ വീടിനകത്തു അടിയിൽ ഒരു അറയുണ്ടാക്കി അ തിനകത്തു് നെല്ലു സൂക്ഷിച്ചിരിക്കുന്നതായിട്ടു് അറിവു കിട്ടി. എന്നാൽ അതിനെപ്പറ്റി അ ന്വേഷിക്കുവാനോ, അദ്ദേഹത്തിന്റെ പേരിൽ നടപടി നടത്തുവാനോ നമ്മുടെ ഗവമ്മെണ്ടി ന്നു് ധൈര്യമുണ്ടായില്ല. അങ്ങിനെ പല ന്യൂനതകളും ഇതിൽ നടക്കുന്നുണ്ടു്. നെല്ലു വാ ങ്ങിക്കുന്നതിനു് പാവ്വർത്തികാരന്മാക്കു് എന്തെങ്കിലും കൊടുത്താൽ ചിലരുടെ നെല്ലു ഒഴിവാ ക്കി കൊടുക്കുകയും ചെയ്യുന്നുണ്ടു്. അതു് ചില സേവയും മറ്റും നോക്കിക്കൊണ്ടു് ചെയ്യുന്ന താണു്. എല്ലാവരോടും ഒരേ നയത്തിൽ പെരുമാറിയാൽ ഇപ്പോൾ കിട്ടുന്നതിൽ കൂടുതൽ നെ ല്ലു കിട്ടുമെന്നു് ഞാൻ പരിപൂർണ്ണമായിട്ടു് വിശ്വസിക്കുന്നു. ഇന്നുകാലത്തു് ഇവിടെയുണ്ടായ ഒരു ചോദ്യത്തിനു് ഉത്തരം പറഞ്ഞതു് എല്ലാവർക്കും ഒരു പോലെയുള്ള ശിക്ഷയല്ലാ കൊടുത്തു വരുന്നതെന്നാണു്. ചിലതിലൊക്കെ കുറെ വ്യത്യാസങ്ങൾ ചെയ്യുന്നുണ്ടെന്നു് മറുപടിയിൽ പറയുകയുണ്ടായി. ആ ഒരു വ്യവസ്ഥ നിലനില്ക്കുന്നേടത്തോളം കാലം ഇങ്ങിനെയുള്ള കാര്യ ങ്ങളിൽ കൃത്രിമവും, കൈക്കൂലിയും നിലനില്ക്കും. കുറ്റം ചെയ്തതു് ആരാണെന്നുള്ളതു് എ പ്പോൾ ബോദ്ധ്യമാകുന്നുവോ അവരെ കർശനമായിട്ടു് ശിക്ഷിക്കുവാനുള്ള ഒരു മനക്കരുത്തു് ഉ ണ്ടാകണം. ചില സ്വാധീനശക്തിയുള്ള ആളുകൾ എന്തു തെറ്റു ചെയ്താലും അതൊന്നു തെ റ്റായിട്ടു് കാണുകയില്ല.

ഈ ഏറണാകുളം പട്ടണത്തിൽ അമ്മൻകോവിലിലുള്ള ഡെപ്പോവിൽനിന്നും ചാക്കും പടി പഞ്ചസാര പോയതായ കേസ്സു് പിടിച്ചപ്പോൾ അതിന്റെ വില പിടിച്ചെടുക്കുക യാണു് ചെയ്തതു്. കൃത്രിമം കാണിച്ച ഒരാളെ ഈ വിധത്തിൽ ചെയ്താൽ മതിയായെന്നാ ണു് ഞാൻ ചോദിക്കുന്നതു്. ഈ നിലക്കു് കൃത്രിമവും, കൈക്കൂലിയും വാങ്ങിക്കുവാൻ അ വർക്കു് ധൈര്യമുണ്ടാക്കുകയാണു് ചെയ്യുന്നതു്. ഉദ്യോഗക്കയറ്റം കിട്ടുണമെങ്കിൽ കുറെ കൃത്രി മവും, കൈക്കൂലിയും വാങ്ങിക്കുന്നവനാണെന്നു് വെളിപ്പെടണമെന്നുള്ള ഒരു നിലയാണു് ഇ പ്പോൾ കണ്ടുവരുന്നതു്. പിന്നെ പ്രാപ്തിയും, അപ്രാപ്തിയും നോക്കിയല്ല ഉദ്യോഗത്തിൽ ആ ളെ നിയമിക്കുന്നതെന്നു് എന്റെ ബഡ്ജറ്റ പ്രസംഗത്തിൽ പറയുകയുണ്ടായി. അതും സേവ നോക്കിയാണു്. അതിൽ രണ്ടുപേർ അരി വാങ്ങിക്കുവാനായിട്ടു് പുറത്തു പോയിരിക്കുകയാ ണു്. ന്യൂ മുതൽ വൂ ൦ക. ശമ്പളമുണ്ടായിരുന്ന ഒരാളെ ഫ൦൦ മുതൽ ഫ൫൦ക. വരെ ശമ്പളത്തിലാണു് വെച്ചുകൊണ്ടിരിക്കുന്നതു്. ൪൦ മുതൽ ന്യൂ൦ക. വരെ ശമ്പളമുണ്ടായിരു ന്നതും, പ്രാപ്തിയില്ലാത്തതുമായ ഒരാളെ ഫ൫൦ മുതൽ ഫ൦൦൦ക. ശമ്പളത്തിലാണു് വെ

LIBRARY ARCHIVES Kerala Legislative Assembly

ച്ചിരിക്കുന്നത്. ഇതിനുള്ള കാരണം എന്താണെന്ന് ചോദിച്ചാൽ അതും സേവനമെന്നെയാണ്. ഇതുപോലെതന്നെ ൬൫ മുതൽ ൪ ൦ക. ശമ്പളമുണ്ടായിരുന്ന ചില ആളുകൾ ൧ ൦ ൦ക. ശമ്പളം വാങ്ങിക്കുന്നവരുണ്ട്. ഇതുയൊക്കെ വലിയ ശമ്പളത്തിൽ എന്തിനാണ് ഇതുയധികം ഉദ്യോഗസ്ഥന്മാരെന്ന് ഞാൻ ചോദിക്കുന്നു? അതുകൊണ്ട് വകുപ്പദ്ധ്യക്ഷൻ ഇനിയെങ്കിലും ആവശ്യമില്ലാത്ത ഉദ്യോഗസ്ഥന്മാരെ നീക്കം ചെയ്യുന്നതിലും, അവരവർ അർഹിക്കുന്ന വിധത്തിലുള്ള ഉദ്യോഗക്കയറ്റം കൊടുക്കുന്ന കാര്യത്തിലും പ്രത്യേകം ശ്രദ്ധിക്കണം. ആ കാര്യത്തിൽ നടപ്പില്ലിന്ന് നല്ല ബലമുണ്ടെങ്കിൽ മാത്രമേ മനഃസാക്ഷിയനുസരിച്ച് പ്രവൃത്തിക്കുവാൻ സാധിക്കുകയുള്ളൂ.

Mr. President: The Hon'ble Member's time is nearly up. Only 2 minutes more.

Mr. K. S. Paincker *(Trichur-Ezhuvas):* 5 minutes, Sir.

Mr. President: 2 minutes.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഈ അടുത്തയവസരത്തിൽ ദീനബന്ധുവിൽ വ൯ ൦ പറ നെല്ല് ഒരു പാവ്വത്യകാരൻ വിറ്റതായിട്ട് എഴുതി കണ്ടു. ഈ കാര്യത്തിന്ന് പാവ്വത്യകാരനെ തല്ലുകാലം സസ്പെണ്ടുചെയ്തു. ഇതുപോലെ നെല്ല വാങ്ങിക്കുന്ന പാവ്വത്യകാരന്മാർക്ക് പലവിധത്തിലും കൃത്രിമം കാണിക്കുവാൻ സാധിക്കും. ഈ വ൯ ൦ പറ നെല്ല് വിറ്റതല്ലായെന്ന് തെളിയുവാനായിട്ട് അദ്ദേഹത്തെ അവിടെനിന്ന് സ്ഥലം മാറ്റി. പിന്നെ അരിയും മറ്റു സാധനങ്ങളും സെൻട്രൽ ഡെപ്പോവിലേക്ക് കൊണ്ടുവരുമ്പോൾ അതു പല സ്ഥലങ്ങളിലും ഇറക്കിയതായിട്ട് കണക്കുകൊണ്ടു കാണാം. അങ്ങിനെ ചെയ്യുന്നതുകൊണ്ട് ക്ലേശിച്ചിലവ് വകയിൽ വലിയൊരു സംഖ്യ അങ്ങിനെയും പോകുന്നുണ്ട്. ഈവക സംഗതികളും നല്ലവണ്ണം മനസ്സിലാക്കി വേണ്ടതുപോലെ പ്രവൃത്തിക്കണമെന്നും, ഫുഡ് അഡൈ്വസറി കമ്മിറ്റിയിൽ കോമേർസ് മെമ്പറേയുംകൂടി ചേർക്കണമെന്നും പറഞ്ഞുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: സർ, ഫുഡ്സപ്ലൈ ഡിപ്പാർട്ട്മെൻറിന്റെ പ്രവർത്തനം തികച്ചും ശരിയാണെന്ന ഞാൻ സമ്മതിക്കുന്നില്ല. എന്നാൽ എനിക്കു മുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട തുരുവമ്പേത്തർ ഈഴവമെമ്പർ പറഞ്ഞതുപോലെ അയൽരാജ്യങ്ങളെ അപേക്ഷിച്ച് കുറെയൊക്കെ ഭേദമാണെന്ന അഭിപ്രായത്തോടും ഞാൻ യോജിക്കുന്നില്ല. അയൽരാജ്യങ്ങളെ അപേക്ഷിച്ച് ഇവിടത്തെ ഫുഡ്സപ്ലൈ ഡിപ്പാർട്ടുമെൻറിന്റെ പ്രവർത്തനം വളരെ വളരെ ഭേദമാണെന്ന പറയാൻ ഞാനാഗ്രഹിക്കുന്നു. മറ്റു പ്രദേശങ്ങളിൽനിന്ന്, ഇവിടത്തെ റേഷൻ സമ്പ്രദായം മനസ്സിലാക്കി ഇവിടത്തെമാതിരി മറ്റു പ്രദേശങ്ങളിലും നടപ്പിലാക്കുവാനായി ആളുകൾ ഇവിടെവന്നു പഠിച്ചുപോയിട്ടുള്ളതുകൊണ്ട്തന്നെ ഇവിടത്തെ പ്രവർത്തനം മറ്റരാജ്യങ്ങളേക്കാൾ വളരെ ഭേദമാണെന്ന് സമ്മതിക്കതന്നെ വേണം. എന്നാൽ ഈ ഡിപ്പാർട്ടുമെൻറിനു ന്യൂനതകളില്ല എന്നുപറയാൻ ഞാനൊരുക്കമില്ല. ഈ ഡിപ്പാർട്ട്മെൻറിൽ വളരെയധികം ഉദ്യോഗസ്ഥന്മാരുണ്ടെങ്കിലും അവർ ആവശ്യമില്ലാത്തവരാണെന്ന് പറഞ്ഞുകൂടാ. ഇതിലെ ഉദ്യോഗസ്ഥന്മാരെ വളരെ കുറയ്ക്കേണ്ട ആവശ്യമുണ്ടെന്ന് പലരും സൂചിപ്പിച്ചുകഴിഞ്ഞു. കൊച്ചിയിലെ ഫുഡ്സപ്ലൈഡിപ്പാർട്ടുമെൻറിന്റെ പ്രവർത്തനം മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് മെച്ചമായിട്ടുണ്ടെങ്കിൽ അതിന്റെ പ്രധാനകാരണം ഇവിടത്തെ ഡിപ്പാർട്ടുമെൻറിൽ ധാരാളം ഉദ്യോഗസ്ഥന്മാർ ഉള്ളതുതന്നെ. പക്ഷെ ധാരാളം ഭക്ഷണസാധനങ്ങളും ഇവിടെനിന്ന് അയൽ രാജ്യങ്ങളിലേക്കു കടന്നുപോകുന്നുണ്ട്. അതിനെനിയന്ത്രിക്കുവാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാർ അവരുടെ കർത്തവ്യം വേണ്ടിടത്തോളം നിർവ്വഹിക്കുന്നില്ല എന്നുള്ളതു കൊച്ചിരാജ്യത്തുള്ള എല്ലാവർക്കും അറിയാവുന്നതാണ്. ഏതാനും ആഴ്ചമുമ്പ് നെട്ടൂരിൽനിന്ന് ൪ ചാക്കരി തിരുവിതാംകൂറിലേക്കു കടത്തികൊണ്ടുപോയിയെന്നും, അതൊരു പോലിസ് ഉദ്യോഗസ്ഥന്റെ അറിവോടുകൂടിയാണെന്നും ഞാൻ മനസ്സിലാക്കുകയുണ്ടായി. ഈ സംഗതി ഇവിടത്തെ ഫുഡ്സപ്ലൈഡിപ്പാർട്ടുമെൻറിലെ ഉദ്യോസ്ഥന്മാരെയും, ഒരു പോലിസുദ്യോഗസ്ഥനേയും അറിയിച്ചു. എന്നിട്ട് എന്തു നടപടിയെടുത്തു എന്ന് എനിക്കറിയാൻ സാധിച്ചിട്ടില്ല. അതുമാതിരി കൊടുങ്ങല്ലൂരിൽനിന്ന് അടുത്ത പ്രദേശത്തേക്ക് എന്തെല്ലാം സാധനങ്ങൾ കടത്തിക്കൊണ്ടുപോകുന്നു. അതിനെ നിയന്ത്രിക്കാനുള്ള അധികാരം മറ്റു ഡിപ്പാർട്ടുമെൻറിനു കൊടുത്തതുകൊണ്ടല്ലേ ഈ മാതിരിയുള്ള കൊള്ളരുതായ്മകളും അഴിമതികളും നടക്കുന്നത് എന്നുള്ള സംശയമാണ് എനിക്കുള്ളതു. അന്യരാജ്യങ്ങളിലേക്കു സാധനങ്ങൾ കടത്തിക്കൊണ്ടുപോകുന്നതിനെ നിയന്ത്രിക്കുവാനുള്ള

LIBRARY ARCHIVES Kerala Legislative Assembly

അധികാരം ഫുഡ് സപ്ലൈഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാർക്കു കൊടുത്തിരുന്നെങ്കിൽ കുറച്ചുകൂടി ഭേദമുണ്ടാകുമായിരുന്നു. ഈകാര്യം മാത്രമാണു് ഞാൻ ബഹുമാനപ്പെട്ട ഗവണ്മെണ്ടിന്റെ ദൃഷ്ടിയിൽകൊണ്ടുവരുന്നതു്. ഇതിനെ സംബന്ധിച്ചു ഇത്രമാത്രമെ ഞാനിപ്പോൾ പറയുന്നുള്ളൂ.

Mr. Paramel-Ipe Ipe *(Kunnamkulam):* Sir, I intervene in this discussion just to point out certain defects which have come to my notice and to place before this House certain suggestions which if it is deemed fit, the Government might rectify.

The most important point that I wish to place before this House is about the quality of rice that is being distributed in Cochin State. In that I need not elaborate many arguments on that point, but I have brought with me a sample of rice that is being distributed. A look at that is more than sufficient just to show that it is not even worth to be used as cattle fodder. If the President will allow me this may be inspected and see what is the sample of rice that is being distributed. Sir, before it was time for me to start for this Council Session, some poor neighbours to my house happened to come to me and they asked me to represent this matter before this House. And that was at about 7 in the night. They did not bring with them the sample of rice. Therefore I sent my servant just to get some rice from one of the houses and this is the sample that he brought.

(The member produced at this stage the sample of the rice he had with him.)

So, I do not think that any elaborate argument is required to show to the Government, the extremely bad quantity of rice that is distributed at present. Not that I find only the inferiority of the quality but also it contains different kinds of rice mixed up in it. Now that defect is obviously a very a very serious defect. A ration card-holder goes to the ration shop and purchases a small quantity. Now he cannot boil it in different pots because, if it is mixed up of different varieties, some variety will be boiled within a short time and the other varieties will require greater time for boiling. So that when the rice is brought cooked, we cannot get any quantity that can be consumed by an ordinary human being. That is the variety of rice that is being distributed now. I do not want to waste the time of this House except to exhibit that quality here, which will speak for itself.

Then I have got a word to say regarding the low prices of paddy and in my view, if we increase the price of paddy, I think it will be a greater inducement to the agriculturists to produce more paddy. It will also help them in these hard days and in the peculiar circumstances in which they are placed now. I do not suggest that the price of paddy must be increased at the expense of the poor consumers. I would say, that the prices may be increased and at the same time for the benefit of the consumers the paddy may be sold at subsidised rates. Some amount may be allotted on that score. I do not believe there is going to be any great effect by this Grow More Food Campaign, *i.e.*, by the present distribution of manure and implements and the other facilities being afforded to. That won't do anything to help us to produce more paddy.

Then regarding the deductions given to actual cultivators by way of *Vithu* and *Valli* (വിത്തും വല്ലിയും) the quantity now given is of a ratio that has been in vogue from very ancient days. If I remember correct, it is one para of paddy for *Vithu* and one para for *Valli* and that was at a time when a male labourer can be paid one Edangazhi of paddy and female labourer ½ Edangazhi of paddy. Now, in these days the only explanation that I was able to get from the Government, when a question was put to them, was that it is a payment in kind and so the proportionate increase in the wages will also find a proportionate increase in the price of paddy. I ask, Sir, whether the payment in kind will be sufficient for all of them at a time when we have to do the ploughing all at once. So many people will have to be engaged. And to all of them they will have to give this paddy. At that time we will find even the quantity of paddy that is required for them being increased because all agriculturists will want a labouring class at that moment and the whole cultivation will have to be finished within two or three days. So that the explanation given by the Government is not sufficient. So, in order to encourage our agriculturists to give in more paddy by their agriculture, this *Vithu* and *Valli* has to be increased.

Another suggestion which I have to place before this House is, that, as far as possible, the paddy taken from a particular Taluk must be got milled in that particular Taluk. This will reduce the cost of transport. Supposing the paddy taken from the Talappally Taluk is taken to Trichur for getting it milled we will have to pay the transport charges to and from. To my mind that is a suggestion that must be tried as far as possible.

LIBRARY ARCHIVES Kerala Legislative Assembly

Then regarding the distribution of raw rice I can understand that it is because of the deficit quantity of boiled rice at our hands; it cannot be mended by any other means. But I would request the Government to consider this suggestion. Can we not arrange that this raw rice may be stored for distribution during summer time. During these rainy days, I would suggest that the distribution of raw rice must be stopped.

Mr. President : If we are fortunate enough to be able to get six months' stock of rice all at once we might be able to do that. But under the present conditions I am afraid it is impossible to do it.

Mr. Paramel Ipe Ipe *(Kunnamkulam):* My only suggestion is if we get raw rice in large quantities then, it should be stored for distribution during the summer time.

Mr. President: But, what about the distribution now? When we have got nothing else but raw rice, we have to distribute that.

Mr. Paramel Ipe Ipe *(Kunnamkulam):* If you are in the Zero point then there is no use of that argument.

A word regarding the cereals, Sir, it has become a common complaint that certain Taluks are not getting these dry grains. Now, during question time, when that matter was brought to the notice of the Government, we were told that there were no complaints from the different Taluks regarding the scarcity of getting dry grains. But, as a matter of fact, we find that these grains are not equitably distributed in all taluks and even though the permits are issued by the Assistant Supply Officer of a particular taluk we will have to go to that taluk where it is available. For example, if a permit is issued by the Assistant Supply Officer of the Talappalli Taluk a man will have to go to Trichur to get those commodities, when sometimes he will be told by the marketing officer there that the commodity is not available. Sometimes, he will have to come with only half the quantity. When he goes there a second time he is told by the Officer responsible there that the dry grains stored in Trichur are not meant for the people of the Talapalli taluk and he even goes to the extent of saying that he has got official communication from the Director of Food Supplies that these dry grains need not be distributed to the Talappalli taluk people. I would invite the attention of the Hon'ble Member for Food Supplies to a petition, dated 18th Mithunam 1121 from Mr. A. C. Ittimathew of Kunnamkulam. This petitioner was told by the Officer at Trichur that he has received an order from the Director of Food Supplies to this effect that he should not issue oorid (ഓർഡർ) to the people of Talappalli taluk and that he has got directions only to issue it to the people of Trichur Taluk. He has put in a petition to the Director of Food Supplies stating all these details. Such being the case I once again stress that the distribution of dry grains should be made more equitable.

I want to make one more suggestion in this connection. Now I understand the dry grains are exported to our country at the instance of the Government. I also understand that some merchants are prepared to export dry grains to our State at their initiative. If that be the case, why not we allow the merchants to do that through the ordinary trade channels, but at the same time to restrict the prices by Government. Therefore, there also the Government is putting some restriction. This is my information. I do not know whether it is true or not.

One more point I wish to mention *i.e.*, regarding the kychits, taken from cultivators. Now, as per rules, 7 days before the harvest the agriculturist should put in a petition to the Revenue Inspector or the Parvathyakaran concerned. Only after that he can go to the Village office to execute the kychit. I do not know whether the execution of these kychits is warranted by any rules or law on the Statute Book. Yet people are doing it without any murmur. Sir, I got a letter today from one of the Villagers in the Talappalli Taluk. It says that 4 or 5 Villagers went to their Village Office for executing the kychits. They were told that paper is not available there and printed forms not available. Therefore all the 5 had to return, because, they were told that, unless they get paper, the kychits could not be executed. We must realise that, during these heavy rains, when the whole fields are so much flooded and when the harvest must be done on the very day on which they went for executing the kychits, how the Villagers will feel if they are asked to return for want of paper or printed forms for the execution of the kychits. Therefore, that system also must be removed. Or at least the matter will be expedited as early as possible so that anybody who wants to get his crops harvested soon must be given all facilities, necessary to execute necessary kychits to enable him to harvest the crops when he requires. So, that is also a point that requires the immediate attention of the Government. With these remarks I conclude.

LIBRARY ARCHIVES Kerala Legislative Assembly

* മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: മിസ്റ്റർ പ്രസിഡണ്ട് സർ, കൊച്ചിയിലെ ഭക്ഷ്യവകുപ്പ് മറ്റു പ്രദേശങ്ങളിലേതുമായി താരതമ്യപ്പെടുത്തുമ്പോൾ ഏതുനിലയിൽ നില്ക്കുന്നു എന്നു് പരിശോധിക്കുകയല്ല ഞാനിവിടെ ചെയ്യുന്നതു്. മറ്റു പലപ്രദേശങ്ങളേയും അപേക്ഷിച്ചു് ഈ ഡിപ്പാർട്ടുമെൻറിൻെറ പ്രവത്തനം ഇവിടെ വളരെ മെച്ചമായ നിലയിലാണെന്നു് ഞങ്ങളെല്ലാവരും സമ്മതിക്കുന്നു. എന്നാൽ അതേസമയത്തുതന്നെ ഇതിലും എത്രയോ ഭേദപ്പെട്ടനിലയിൽ ഈ വകുപ്പിൻെറ പ്രവത്തനം നടത്താൻ സാധിക്കുമെന്നുള്ള വിശ്വാസത്തോടുകൂടിയാണു് ഞങ്ങൾ ഈ വിമർശനങ്ങൾ ഇവിടെ ചെയ്യുന്നതു് എന്നു ഗവൺമെണ്ടു മനസ്സിലാക്കുമെന്നു ഞാൻ കരുതുന്നു. ഈവകുപ്പു തൃപ്തികരമായ നിലയിലാണു് നടത്തപ്പെടുന്നതെന്നു് ഇതിൻെറ അദ്ധ്യക്ഷനും, ഗവൺമെണ്ടും വിചാരിക്കുന്നുണ്ടെങ്കിൽ അതു തീരെ തെറ്റാണു്. ജനങ്ങളുടെ സേവനത്തിനുവേണ്ടിയാണു്, ജനങ്ങളുടെ രക്ഷക്കുവേണ്ടിയാണു്, ജനങ്ങളുടെ നിത്യോപയോഗത്തിനുവേണ്ടിയുള്ള പദാത്ഥങ്ങൾ സംരക്ഷിക്കുവാനും, നൽകുവാനുംവേണ്ടിയുള്ള ഒരു ഏപ്പാടു് എന്നനിലയിലാണു് ഈ ഡിപ്പാർട്ടുമെൻറ് പ്രവത്തിച്ചുവരുന്നതെങ്കിൽ നിശ്ചയമായും ജനങ്ങളുടെ ആവശ്യം നവ്വഹിക്കാൻ തക്കവണ്ണമുള്ള പരിഷ്കാരങ്ങൾ പലതും ഈ ഡിപ്പാർട്ടുമെൻറിൽ വരുത്തേണ്ടതുണ്ടു്. ഏറ്റവും പ്രധാനമായി എനിക്കുതോന്നുന്നതു് ഈ ഡിപ്പാർട്ടുമെൻറിൻെറ ഭരണം ജനകീയമാക്കുകയാണു് വേണ്ടതു് എന്നുള്ളതാണു്. ജനങ്ങളുമായി ബന്ധപ്പെട്ട്, ജനങ്ങളുടെ താല്പര്യങ്ങളെന്തെല്ലാമാണെന്നു മനസ്സിലാക്കി, ആ താല്പര്യങ്ങളേയും, ആവശ്യങ്ങളേയും നിറവേറ്റത്തക്കവണ്ണമുള്ള ഒരു മനസ്ഥിതിയോടുകൂടിയല്ല ഈ ഡിപ്പാർട്ടുമെൻറ് ഇത്രയും പ്രവത്തിച്ചുപോന്നതെന്നു് പറയാതെ കഴിയുകയില്ല. ഈ ഡിപ്പാർട്ടുമെൻറിൻെറ അദ്ധ്യക്ഷനും. അദ്ദേഹത്തിൻെറ കീഴിലുള്ള ഉദ്യോഗസ്ഥന്മാരിൽ പലരും ജനസേവനപരമായതാല്പര്യങ്ങളെ വെച്ചുകൊണ്ടു അവരുടെ കഴിവിനെ അങ്ങേഅറ്റംവരെ ഉപയോഗിച്ചു് അവർ പ്രവത്തിച്ചിട്ടുണ്ടായിരിക്കാം. എന്നാൽ ജനങ്ങളുമായി ബന്ധപ്പെട്ടു് ജനങ്ങളുടെ താല്പര്യങ്ങളെ സാധിപ്പിക്കാൻ തക്കവണ്ണം ഒരു സനദ്ധതയോടുകൂടി ഈ ഡിപ്പാർട്ടുമെൻറിൻെറ പ്രവത്തനം ഇനിയും ആരംഭിച്ചിട്ടില്ലെന്നുള്ളതാണു് വാസ്തവം. ജനകീയമായ ഒരു ഗവൺമെണ്ടാണു് ഇവിടെ ഉണ്ടായിരുന്നതെങ്കിൽ, ജനങ്ങളുമായി ബന്ധപ്പെടാത്തനിലയിൽ ഈ ഡിപ്പാർട്ടുമെൻറിനെ ഭരിക്കുകയെന്നുള്ളതു് സാദ്ധ്യമല്ല. ജനസേവനപരമായ ഒരു ഡിപ്പാർട്ടുമെൻറ്എന്ന നിലയിൽ, ജനങ്ങൾക്കുവേണ്ടി പ്രവത്തിക്കുന്ന എന്നനിലയിൽ, അവരുടെ ആവശ്യങ്ങൾ സാധിക്കാൻ ജനങ്ങളുടെ സഹകരണം കൂടാതെ നിവൃത്തിയില്ല, ശാസനാപരമായ കുറെ നിയമങ്ങളുണ്ടാക്കിയതുകൊണ്ടു് ആ സമ്പാദിക്കാൻ നിവൃത്തിയില്ല എന്നു് ഈ ഡിപ്പാർട്ടുമെൻറധികൃതന്മാർ ഇനിയും മനസ്സിലാക്കിയിട്ടില്ലെങ്കിൽ അതു് അത്ഭുതാവഹമാണു്. ബ്രിട്ടീഷിന്ത്യയിൽ കോൺഗ്രസ്സു് ഗവൺമെണ്ടു് ഭരണം ഏറെറടുത്തതോടുകൂടി അവിടത്തെ ഭക്ഷ്യവകുപ്പിൽ ഉണ്ടായ മാറ്റങ്ങളെ ഇവിടത്തെ ഭരണാധികാരികൾ ഒന്നു പരീക്ഷിച്ചാൽവേണ്ടില്ല എന്നു് എനിക്കൊരഭിപ്രായമുണ്ടു്. നമ്മുടെ ഭക്ഷ്യവകുപ്പിൻെറ മേലദ്ധ്യക്ഷനും, അദ്ദേഹത്തിൻെറ വകുപ്പിൽപെട്ട പലരും ഈ നാട്ടിലെ ജനങ്ങളെ ഈ ഡിപ്പാർട്ടുമെൻറിൻെറ പ്രവത്തനത്തിൽനിന്നു് അകററിനിത്തിക്കൊണ്ടിരിക്കുമ്പോൾ ബ്രിട്ടീഷിന്ത്യയിൽ കോൺഗ്രസ്സു് ഗവൺമെണ്ടു് ജനങ്ങളെ ആ ഡിപ്പാർട്ടുമെൻറിൻെറ പ്രവത്തനങ്ങളിലേക്കാകഷ്ടിക്കുകയാണു ചെയ്യുന്നതെന്നു കാണാവുന്നതാണു്. മദ്രാസ്സിൽ കോൺഗ്രസ്സു് മന്ത്രിസഭ ഭരണം കയ്യേറ്റ ഉടനെ അവർ ഈ വിഷയത്തെക്കുറിച്ചു് ഒരു നയം രൂപവൽക്കരിക്കുകയും അതു പ്രഖ്യാപനം ചെയ്യുകയും ഉണ്ടായിയെന്നുള്ളതു് വാസ്തവത്തിൽ ഇവിടത്തെ ഈ ഡിപ്പാർട്ടുമെൻറിൻെറ ഭരണമേധാവി മനസ്സിലാക്കാൻ വളരെ ദിവസം വേണ്ടിവന്നു എന്നുള്ളതു് എത്രയും അത്ഭുതാവഹമാണു്. സഹകരണപ്രസ്ഥാനത്തിൻെറ അടിസ്ഥാനത്തിൽ സാധനസംഭരണവും, പദാത്ഥ വിതരണവും നടത്താനുള്ള ഒരു പുതിയ പദ്ധതി താമസംകൂടാതെ ആ ഗവൺമെണ്ടു ആവിഷ്കരിച്ചു എന്നു കാണുന്നുണ്ടു്. അതനുസരിച്ചു മലബാർ ജില്ലയിൽ എടുത്തിട്ടുള്ള നടപടികളെക്കുറിച്ചു ഈയവസരത്തിൽ അനുസ്മരിക്കുന്നതു നന്നായിരിക്കും. കോൺഗ്രസ്സു ഭരണം വന്ന ഉടനെതന്നെ കേരളപ്രൊവിൻഷ്യൽ കോൺഗ്രസ്സു് കമ്മറ്റി ഈ വിഷയത്തിൽ ഒരു പദ്ധതി ആവിഷ്കരിച്ചു അതു നടപ്പിൽ വരുത്തുകയാണു് ചെയ്തിരിക്കുന്നതു്. മലബാർ ഒട്ടാകെയുള്ള ധാന്യസംഭരണം നടത്താനുള്ള സഹകരണസംഘങ്ങളും ഓരോ വില്ലേജിലും ഉണ്ടാക്കാനും ഓരോ വില്ലേജിൻേറയും ഭക്ഷണക്കാര്യത്തിൽ വേണ്ട നയവും വ്യവസ്ഥയും നിശ്ചയിക്കുവാനുള്ള ജനകീയക്കമ്മറ്റികളും ഏർപ്പെടുത്തുവാനും

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

അവക്ക് സാധിച്ചിട്ടുണ്ട്. ഇപ്പോൾതന്നെ, ഏതാനും ദിവസങ്ങൾക്കിടയിൽ മലബാറിലെ സഹകരണസംഘങ്ങൾ മുഖേന ഭക്ഷ്യവിതരണത്തിനുള്ള സാധനങ്ങൾ സംഭരിക്കാനായി ൫൦ ലക്ഷം രൂപ മുടക്കുണ്ടാക്കാൻ സാധിച്ചിട്ടുണ്ടെന്നാണ് എന്റെ അറിവ്. അതേസമയത്ത് നാലഞ്ചുകൊല്ലം ഭക്ഷ്യവകുപ്പിന്റെ ഭരണം നടത്തിയ കൊച്ചിരാജ്യത്ത് എത്ര സഹകരണസംഘങ്ങളുടെ സഹകരണമാണ് നേടാൻ സാധിച്ചത്. എത്ര സഹകരണസംഘങ്ങൾക്കാണ്, പദാർത്ഥവിതരണത്തിനുള്ള മുതല ഏറെടുക്കുവാൻ മുമ്പോട്ട് വന്നിട്ട് അതിനുള്ള അനുമതി കിട്ടാതെ ആ രംഗത്തിൽനിന്നു വിരമിക്കേണ്ടിവന്നിട്ടുള്ളത് എന്നുള്ളതു് ഭക്ഷ്യവകുപ്പിന്റെ ഡയറക്ടർ പറഞ്ഞാൽ വേണ്ടില്ല. കൊച്ചി ഗവണ്മെണ്ട് ൧,൦൦൦-ൽ പരം ലൈസൻസ് പീടികളും ൧൦൦-ൽ പരം ന്യായവിലഷാപ്പുകളും നടത്തുന്നുണ്ട്. ഇത്രയും ലാഭമോഹക്കാർ ലാഭമെടുക്കണമെന്നാഗ്രഹിച്ച് രംഗത്തിൽ പ്രവേശിച്ചിട്ടുള്ളവരെ പ്രോത്സാഹിപ്പിക്കുകയും, അവരുടെ ഹിതമനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുക എന്നുവെച്ചാൽ ഇതു് ജനങ്ങളുടെ താല്പര്യത്തിനുവേണ്ടി പ്രവർത്തിക്കുന്ന ഒരു ഡിപ്പാർട്ട്മെൻറാണെന്നു സമാധാനിക്കാൻ വയ്യ. ഇന്നത്തെ നിലയിൽ ൨൦൦-ം, ൫൦൦-ം റേഷൻകാർഡുകളുള്ള ഒരു പീടികക്കാരനു്, ന്യായമായ നിലയിൽ ഭക്ഷ്യവിതരണം നടത്തുകയാണെങ്കിൽതന്നെ ൧൫൦ മുതൽ ൨൦൦ വരെ ശുദ്ധ ലാഭമുണ്ടാക്കാൻ സാധിക്കും. അവർ ജനങ്ങളെ ദ്രോഹിച്ചു കരിഞ്ചന്ത നടത്തുകയാണ് എന്നുണ്ടെങ്കിൽ—ലൈസൻസ് പീടികക്കാരിലും, ഫെയർ പ്രൈസ് ഷാപ്പുകാരിലും ഭൂരിപക്ഷമാളുകളും കരിഞ്ചന്തക്കാരാണ്—അവർക്കുണ്ടാക്കാവുന്ന ലാഭത്തിനു യാതൊരു കണക്കുമില്ല. ഫുഡ് സപ്ലൈ ഡയറക്ടരുടെ ശമ്പളത്തോളം വരുന്ന ഒരു വലിയ ലാഭം ലൈസൻസ് പീടികക്കാർക്കും മറ്റും ഉണ്ടാക്കാൻ സാധിക്കും. അങ്ങിനെ ഇതു് സ്വാർത്ഥതാല്പര്യക്കാർക്കു വിട്ടുകൊടുക്കുന്നതിനു പകരം, ജനങ്ങളുടെ താല്പര്യമനുസരിച്ചു ജനങ്ങൾതന്നെ നടത്തുന്ന സഹകരണപ്രസ്ഥാനത്തിനു് എന്തുകൊണ്ടു് വിട്ടുകൊടുത്തുകൂടാ എന്നാണ് ഞാൻ ചോദിക്കുന്നതു്. ഞങ്ങൾ പല പ്രാവശ്യവും ഇതിനിടെ ചോദിച്ചിട്ടുള്ളതാണ്, ഇനിയും ചോദിക്കും. രണ്ടു് ദിവസംമുമ്പ് ഈ വിഷയത്തിൽ ഗവണ്മെണ്ടു് ശ്രദ്ധചെലുത്തിയിട്ടുണ്ടോ എന്നു് പ്രത്യേകം ചോദിച്ചപ്പോൾ പറഞ്ഞതു്, സഹകരണപ്രസ്ഥാനത്തിന്റെ അദ്ധ്യക്ഷനുമായി ഈ വിഷയത്തെക്കുറിച്ചു് ആലോചിക്കുകയുണ്ടായിട്ടുണ്ടെന്നാണ്. എങ്ങിനെയുള്ള ഒരു ഫലമാണ് ഇന്നു കാണുന്നതു് എന്നുവെച്ചാൽ, ആ ആലോചന എന്തുദ്ദേശത്തോടുകൂടിയാണ് നടത്തിയതു് എന്നറിയാൻ പ്രയാസമില്ല. എന്റെ അറിവു് ശരിയാണെങ്കിൽ, ഭക്ഷ്യവകുപ്പിന്റെ മേലദ്ധ്യക്ഷൻ സഹകരണസംഘങ്ങൾക്കു ധാന്യവിതരണമേല്പിച്ചുകൊടുക്കുന്നതിനു് വിരോധിയാണ്. അങ്ങിനെയല്ലെന്നു വരുന്നപക്ഷം എനിക്കു് വളരെ സന്തോഷമായിരിക്കും. ഈ രാജ്യത്തു ധാരാളം ലൈസൻസ് പീടികകളും ഫെയർപ്രൈസ് ഷാപ്പുകളും നടത്തുന്നതിനു പകരം ഓരോ വില്ലേജിലും സഹകരണസംഘങ്ങൾ ഏല്പിച്ചിരുന്നു, മലബാറിലും മറ്റും പ്രവർത്തിക്കുന്നതുപോലെ ശുഷ്കാന്തിയോടും, പരിശ്രമത്തോടുംകൂടി ഈ നാട്ടിലും പ്രവർത്തിക്കാൻ സാധിച്ചിരുന്നു എങ്കിൽ കൊച്ചി രാജ്യം സഹകരണസംഘത്തിന്റെ നാടായി വർത്തിക്കുമായിരുന്നു. ബഹുമാനപ്പെട്ട ഇരിങ്ങാലക്കുടമെമ്പർ മന്ത്രിയായിരുന്നകാലത്ത് അദ്ദേഹം ഈവിഷയത്തിൽ എന്തു പ്രവർത്തിച്ചിട്ടുണ്ടെന്നു് അറിയാൻ സാധിച്ചാൽ ഈ കാര്യത്തിൽ അവർ കാണിച്ചിട്ടുള്ള ശുഷ്കാന്തി എത്രവിധമാണെന്നു ജനങ്ങൾ വിധിച്ചുകൊള്ളും. ജനങ്ങളുടെ സഹകരണം ഈ ഡിപ്പാർട്ട്മെൻറിനു് വേണ്ടപോലെയില്ലെന്നു്, ഇവിടത്തെ ഭക്ഷ്യവകുപ്പിന്റെ ഉപദേശക സമിതിയുടെ പ്രവർത്തനം സംബന്ധിച്ചുണ്ടായ വിമർശനങ്ങളിൽനിന്നു് ധാരാളം തെളിയുന്നുണ്ട്. ഈ നാട്ടിലെ പത്രങ്ങൾ, പ്രത്യേകിച്ചും ചില പത്രങ്ങൾ ഭക്ഷ്യവകുപ്പിന്റെ പ്രവർത്തനത്തിലുള്ള അനീതിയെക്കുറിച്ചു് വളരെയധികം ലേഖനങ്ങളും, പ്രസ്താവനകളും പുറപ്പെടുവിച്ചിട്ടുണ്ടെന്നുള്ളതു് വളരെ സന്തോഷത്തോടുകൂടിയാണ് ഈയവസരത്തിൽ ഞാൻ അനുസ്മരിക്കുന്നതു്. ഒരു പത്രപ്രവർത്തകനെന്ന നിലയിൽ എനിക്കു് ഇതിൽ ചെയ്യാൻ സാധിച്ചിട്ടുള്ള പ്രവർത്തികളും ഞാൻ അഭിമാനത്തോടുകൂടിയാണ് ഓർക്കുന്നതു്. ഗവണ്മെണ്ടിന്റെ സന്മനോഭായം, എന്താക്ഷേപം വന്നാലും അതെല്ലാം അടിസ്ഥാനരഹിതമാണെന്നു് പറയുകയാണ്. എന്നാൽ ഏറെവും ഉത്തരവാദിത്വത്തോടുകൂടിയാണ് ഞങ്ങൾ ചെയ്യുന്ന ഓരോ പ്രസ്താവനയും അതിലുള്ള ഓരോ അക്ഷരത്തിനും ഞങ്ങളുത്തരവാദികളാണ്. അതിനെ സംബന്ധിച്ചു എന്തുനടപടിയെടുത്താലും അതു സഹിക്കുവാനുള്ള സന്നദ്ധത ഞങ്ങൾക്കുണ്ടെന്നു് മറ്റുള്ളവരോടു് തുറന്നു പറയാൻ ഞാനാഗ്രഹിക്കുന്നു.

മിസ്റ്റർ പറമ്പി ലോനപ്പൻ: നുണയാണു് എഴുതുന്നതു്?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: നണ എഴുതുകയാണെങ്കിൽ അതിനുള്ള ശിക്ഷ വഹിക്കാൻ ഞങ്ങൾ ഒരുക്കമാണ്. ജനങ്ങളെ സേവിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി, ഉദ്യോഗസ്ഥമേധാവിത്വത്തിൽനിന്നു ജനങ്ങളെ രക്ഷിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി, അതിനുവേണ്ടിയുള്ള പോരാട്ടത്തിൽ ഏതുവിധത്തിലുള്ള ത്യാഗവും സഹിക്കാൻ ഒരുക്കത്തോടുകൂടിയാണ് ഞങ്ങൾ പ്രവർത്തിക്കുന്നതെന്നു ബഹുമാനപ്പെട്ട ഇരിങ്ങാലക്കുട മെമ്പറേയും, ഗവൺമെണ്ടിനേയും ഞാൻ മനസ്സിലാക്കിക്കൊള്ളട്ടെ.

മിസ്റ്റർ പറമ്പി ലോനപ്പൻ: നണ എഴുതുകയാണോ ജനങ്ങളെ രക്ഷിക്കാനുള്ളവഴി?

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: ഞങ്ങളെഴുതുന്നതു് നണയാണെന്നു് ബോദ്ധ്യപ്പെട്ടതിയാൽ അതിന്റെ അപേക്ഷകൾ സഹിക്കാൻ തയ്യാറാണെന്നു് അദ്ദേഹത്തെ അറിയിക്കാൻ ആഗ്രഹിക്കുന്നു. പത്രത്തിൽ എഴുതുന്ന ആളുകളെ ഞങ്ങൾക്കു വിശ്വസിക്കാതെ നിവൃത്തിയില്ല. ഉദ്യോഗസ്ഥന്മാരിൽനിന്നു് ലേഖനങ്ങൾ എഴുതിയയക്കുകയും, പരാതികൾ എഴുതിയയക്കുകയും ചെയ്യുന്ന ലേഖകന്മാരെ ഞങ്ങൾക്കു വിശ്വസിക്കാതെ തരമില്ല.

മിസ്റ്റർ പറമ്പി ലോനപ്പൻ: ചുമതലാബോധമില്ലാതെ എന്തും എഴുതി അയയ്ക്കാമെന്നാണോ പറയുന്നതു്?

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: ചുമതലാബോധത്തോടുകൂടി എന്തും എഴുതാം. പത്രം നടത്തുവാനുള്ള സ്വാതന്ത്ര്യം എത്രത്തോളമുണ്ടോ അതിനെ അങ്ങേഅറ്റംവരെ ഉപയോഗിക്കുകതന്നെ ചെയ്യും. അതിനെസംബന്ധിച്ചു് ആരെന്തുപറഞ്ഞാലും അതു കണക്കാക്കുകയില്ല. ഇങ്ങനെയുള്ള സഹകരണംനൽകാൻ ഈ ഡിപ്പാർട്ട്മെൻറാകട്ടെ, ഗവൺമെണ്ടാകട്ടെ ശ്രദ്ധാന്തികാണിക്കാത്തതു് പരിതാപകരമാണു്. ജനങ്ങളുടെ ആക്ഷേപം അടിസ്ഥാനപരമാണോ, അല്ലയോ എന്നന്വേഷിക്കുവാനുള്ള ഉത്തരവാദിത്വം ഡിപ്പാർട്ട്മെണ്ടിനുണ്ടായിരിക്കെ അവരതുചെയ്യാതെ അതു് അടിസ്ഥാനരഹിതങ്ങളാണെന്നുപറയുന്നു. പത്രങ്ങളിൽ കാണുന്ന റിപ്പോർട്ടുകൾ തെറ്റാണെന്നുപറയുന്നതിനുപകരം അതിൽ എത്രത്തോളം വാസ്തവമുണ്ടെന്നന്വേഷിക്കാനുള്ളക്ഷമ ഗവൺമെണ്ടിനുണ്ടാകണം. ശരിയായ സത്യത്തെപ്പറ്റി അന്വേഷിക്കുകയാണെങ്കിൽ ഈ റിപ്പോർട്ടുകൾ നൂറിലൊന്നു തൊണ്ണൂറും സത്യമാണെന്നതെളിയുന്നതാണു്.

ഈ ഡിപ്പാർട്ട്മെണ്ടിന്റെ പ്രവർത്തനത്തെസംബന്ധിച്ചു് വളരെ ആക്ഷേപങ്ങൾ പറയാൻ സാധിക്കും. കൃഷിക്കാരെ സംബന്ധിച്ചു് ഈ ഡിപ്പാർട്ട്മെണ്ടു് വളരെ വലിയ അനീതിയാണു ചെയ്യുന്നതു്. ഇന്നു നെല്ലിനുകൊടുക്കുന്ന വില വളരെ അതൃപ്തികരമാണെന്നുപറയാതെ നിവൃത്തിയില്ല. ഫിഫ്ത്ത് സപ്ലൈസ് ഡയറക്ടർപോലും പറയാവുള്ള വാദമാണു് നെല്ലിനു ന്യായമായ വിലയാണു് കൊടുക്കുന്നതെന്നു്. അതിനെ സംബന്ധിച്ചു് അദ്ദേഹം ചില കണക്കുകൾ തയ്യാറാക്കിയിട്ടുണ്ടു്. ആ കണക്കുകൾ യാഥാർത്ഥ്യത്തിന്റെ അടുത്തുപോലും എത്താത്ത കണക്കുകളാണു്.

Mr. President: I must ask the Hon'ble Member to draw his speech to a close. He has already exceeded his time.

Mr. V. R. Krishnan Ezhuthassan *(Oorakam):* I will take only two more minutes, Sir.

കൃഷിക്കാർക്കു് സഹായം നൽകാൻ ഒരുക്കമാണെന്നുവെച്ചാൽ, ഈ ഡിപ്പാർട്ട്മെണ്ടിൽക്കൂടാതെകഴിക്കാവുന്ന പല ഇനങ്ങളും വേണ്ടെന്നുവെച്ചു് കൃഷിക്കാർക്കു് നെല്ലിനു ന്യായമായ വിലകൊടുക്കാൻ സാധിക്കും ഇന്നു കൊച്ചിൻ റസ്റ്റോറൻറുകളും മറ്റും ഗവൺമെണ്ടിൽനിന്നു നടത്തേണ്ട ആവശ്യമില്ലെന്നു് ഈ ഡിപ്പാർട്ട്മെണ്ടു് മനസ്സിലാക്കാത്തതു് വിചിത്രമാണു്. ഈ ഡിപ്പാർട്ട്മെണ്ടിന്റെ ഭരണം ശരിയായ ജനകീയഭരണമാക്കുമെന്നുമുള്ള വിശ്വാസത്തോടുകൂടി ഞാൻ വിരമിച്ചുകൊള്ളുന്നു.

മിസ്റ്റർ കെ. കെ. കണ്ണൻ: സർ, ഈ രാജ്യത്തിലെ വിഭവവിതരണം പരസ്പരസഹായസംഘങ്ങളെ ഏല്പിച്ചുകൊടുക്കണമെന്നുള്ളകാര്യത്തിൽ ഞാൻ വളരെ അനുകൂലിയാണു്. എന്നാൽ ഈ ഏർപ്പാടിനെ സ്വാഗതം ചെയ്യുന്നതോടൊപ്പംതന്നെ ഗവൺമെണ്ടു് ഒരു മാറ്റംകൂടി വരുത്തേണ്ടതുണ്ടു്, അതായതു് ഏറ്റവും നന്നായി പ്രവർത്തിക്കുന്ന പരസ്പരസഹായസംഘങ്ങളെമാത്രമേ ഈ രാജ്യത്തെ വിഭവവിതരണത്തിനുള്ള അധികാരം ഏല്പിച്ചുകൊടുക്കാൻപാടുള്ളൂ എന്നാണു് ഞാൻ ഗവൺമെണ്ടിനെ ഉൽബോധിപ്പിക്കുന്നതു്. ഈ പ്രസ്ഥാനം

LIBRARY ARCHIVES Kerala Legislative Assembly

രാജ്യത്തിന്റെ എല്ലാഭാഗങ്ങളിലും വളർന്നുവരേണ്ടതു് ഏറ്റവും അത്യാവശ്യമാണു്. ഇവിടത്തെ വിഭവവിതരണം പരസ്പരസഹായസംഘങ്ങളെ ഏല്പിച്ചുകൊടുക്കുകയാണെങ്കിൽ അതു വളരെ പ്രയോജനപ്രദമായിരിക്കും. ഭക്ഷണവിതരണകാര്യത്തിൽ വളരെയധികം ആവലാതികൾ ഗവർമ്മേണ്ടിന്റെ ദൃഷ്ടിയിൽപെടുത്തിയിട്ടുണ്ടെന്നുള്ളതു് എല്ലാവർക്കും അറിയാവുന്ന സംഗതിയാണു്. അതുകൊണ്ടു് ഈ കാര്യത്തിന്റെ ഉത്തരവാദിത്വം പരസ്പരസഹായസംഘങ്ങൾ ഏറ്റെടുക്കുകയാണെങ്കിൽ തീച്ചയായും ഈ ആവലാതികൾ കുറഞ്ഞുകിട്ടും എന്നവേണം വിചാരിക്കാൻ. ജനങ്ങളുടെ നേതൃത്വത്തിൽ ജനങ്ങൾക്കുവേണ്ടിയുള്ള സാധനങ്ങൾ വിതരണംചെയ്യുകയാണെങ്കിൽപിന്നെ ആക്ഷേപം അതിനെ ആക്ഷേപിക്കാൻ സാധിക്കുകയില്ല. ജനങ്ങളോടുബന്ധപ്പെട്ടു് ജനങ്ങളുടെ കാര്യം നടത്തുന്നതിനായി പരസ്പരസഹായസംഘങ്ങൾ ഈ കാര്യം ഏറ്റെടുക്കുകയാണെങ്കിൽ യാതൊരുവിധത്തിലുള്ള ആവലാതികളും ഇടയുണ്ടായിരിക്കുകയില്ല. അതിനാൽ ഈ കാര്യത്തിലേക്കു ഗവർമ്മേണ്ടിന്റെ ശ്രദ്ധയെ ഞാൻ ക്ഷണിച്ചുകൊള്ളുന്നു.

ഇന്നത്തെ പരിതസ്ഥിതിക്കു് ഫെയർപ്രൈസ് ഷാപ്പുകൾ നിർത്തിക്കേണമെന്നുള്ള അഭിപ്രായം എനിക്കില്ല. പരസ്പരസഹായസംഘങ്ങൾക്കു വിഭവവിതരണം ഏല്പിച്ചുകൊടുക്കണമെന്നു് ശക്തിയായ അഭിപ്രായം എനിക്കുണ്ടെങ്കിലും ഇന്നനിലയിലുള്ള ഫെയർപ്രൈസ് ഷാപ്പുകൾ ഉടനെ നിർത്തൽചെയ്തു് അവരെ ഏല്പിച്ചുകൊടുക്കണമെന്ന അഭിപ്രായം എനിക്കില്ല. ഈ പ്രസ്ഥാനം ശക്തിയായി വളർന്നുവരുന്നതോടൊപ്പം ഫെയർപ്രൈസ് ഷാപ്പുകൾ ഓരോന്നായി നിർത്തൽചെയ്തു് സഹകരണസംഘങ്ങൾക്കു വിട്ടുകൊടുക്കുന്നതു് നന്നായിരിക്കും എന്നമാത്രമാണു് എനിക്കു് ഇതിനെ സംബന്ധിച്ചുപറയാനുള്ളതു്.

പിന്നെ നെല്ലെടുപ്പിനെ സംബന്ധിക്കുന്നകാര്യത്തിൽ ഇവിടെ പല അഭിപ്രായങ്ങളും പറഞ്ഞുകഴിഞ്ഞു. കമാൻറിയറിംഗിന്റെ കാര്യത്തിൽ നിയുക്തരായ ഉദ്യോഗസ്ഥന്മാർ പെയ്തിട്ടുള്ള അനീതികളെ ഇവിടെ പ്രത്യേകം എടുത്തുപറഞ്ഞിട്ടുള്ളതുകൊണ്ടു് അതിനെസംബന്ധിച്ചു് എന്തെങ്കിലും പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. ഒരു പ്രത്യേക സംഗതിമാത്രമേ എനിക്കു ചൂണ്ടിക്കാണിക്കുവാനുള്ളു. എന്തെങ്കിലും പരാതിവന്നുകഴിഞ്ഞാൽ ആ പരാതിയെ സംബന്ധിച്ചുനേഷിക്കുവാൻ ഗവർമ്മേണ്ടു പൂർണ്ണമായും പൊതുജനങ്ങളുമായി സഹകരിക്കണമെന്നുമാത്രമാണു് എനിക്കഭിപ്രായമുള്ളതു്. ഈ രാജ്യത്തു് പൊതുജനങ്ങളുടെ സംഘടനകളും വളരെ വളർന്നുകഴിഞ്ഞിരിക്കുന്ന ഒരു സന്ദർഭമാണു്. ഉദാഹരണമായി പ്രജാമണ്ഡലത്തിന്റെ കമ്മിറ്റികളും രാജ്യത്തിന്റെ നാനാഭാഗങ്ങളിലും സ്ഥാപിച്ചിട്ടുണ്ടു്. പുലയമഹാസഭയുടെ ശാഖാസംഘടനകളും രാജ്യത്തിന്റെ നാനാഭാഗങ്ങളിലുമുണ്ടു്; എസ്സു്. എൻ. ഡി. പി. യുടെ നിരവധിശാഖകളും ഈ രാജ്യത്തിലുണ്ടു്. ഇതെല്ലാം പൊതുജങ്ങളോടുത്തരവാദിത്വമുള്ള സംഘങ്ങളാണു്. ഏതെങ്കിലും ഒരാവലാതിവന്നാൽ ആ സ്ഥലത്തുള്ള ഇത്തരം പ്രസ്ഥാനങ്ങളിലെ പ്രവർത്തകന്മാരുമായി സഹകരിച്ചുകൊണ്ടു് ആ ആവലാതിയെ സംബന്ധിച്ചു് അന്വേഷണംനടത്തുകയാണെങ്കിൽ അതിനു തെളിവുകിട്ടാൻ യാതൊരു ബുദ്ധിമുട്ടുമുണ്ടാകയില്ല. തീച്ചയായും ഭക്ഷണവിതരണകാര്യത്തിൽ ജനങ്ങൾ പരിപൂർണ്ണമായി സഹകരിക്കുമെന്നാണു് എനിക്കു പറയാനുള്ളതു്. ആവലാതിയെ സംബന്ധിച്ചു് അന്വേഷിക്കേണ്ടകാര്യത്തിൽ ഈ നിർദ്ദേശമാണു് ഗവർമ്മേണ്ടിന്റെ മുമ്പാകെ വെക്കാനുള്ളതു്. ഇങ്ങനെചെയ്യാലേ കരിഞ്ഞുന്ന അവസാനിക്കുകയുള്ളു, അമിതാദായമെടുക്കൽ അവസാനിക്കുകയുള്ളു, കൈക്കൂലി അവസാനിക്കുകയുള്ളു. ഈ പറയുന്നകാര്യങ്ങൾ ശരിയാണൊ എന്നു് ഗവർമ്മേണ്ടുപരീക്ഷിച്ചുനോക്കണമെന്നുമാത്രമാണു് എനിക്കുപറയാനുള്ളതു്.

ചൌധരി ജി. എസ്സു്. ധാരാസിംഗു്: സർ, ഭക്ഷ്യവകുപ്പിന്റെ ഭരണവൈകല്യങ്ങളെ പ്രത്യേകിച്ചു് എടുത്തുപറയാനുള്ള ഒരവസരമാണു് ഈ ഉപക്ഷേപം അവതരിച്ചപ്പോൾ ഇതിന്റെ അവതാരകൻ ഉദ്ദേശിച്ചിരിക്കുന്നതു്. ഞാൻ ഒരുപക്ഷേപം ഇവിടെ അവതരിപ്പിക്കാൻ വിചാരിച്ചതു് ന്യായനുസ്രായിട്ടാണു് വന്നിരിക്കുന്നതു്. ഇനി ½ മണിക്കൂറിനുള്ളിൽ ഇതിനെസംബന്ധിച്ച വാദപ്രതിവാദം അവസാനിപ്പിക്കുന്നതാണെന്നു പ്രസിഡണ്ടുവർകൾ പറഞ്ഞതുകൊണ്ടു് പ്രധാനമായ എന്റെ ഉപക്ഷേപം ഈ രാജ്യത്തിൽ ഏറ്റവും ആവശ്യമായ ഒരു കാര്യം ഉടനടി നടപ്പിൽ വരുത്തണം എന്നാവശ്യപ്പെട്ടുകൊണ്ടുള്ള ഉപക്ഷേപം, ഈ സഭയുടെ ശ്രദ്ധയിൽ പെടാതെ പോകരുതെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു് ഞാൻ ഇവിടെ എഴുന്നേറ്റുനില്ക്കുന്നതു്. ഭക്ഷ്യവകുപ്പിന്റെ പ്രവർത്തനത്തിലുള്ള ന്യൂനതകൾ ഏതെല്ലാമാണെന്നു ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. പല ഇനങ്ങളിലായി വന്നിച്ച തുക

LIBRARY ARCHIVES Kerala Legislative Assembly

നഷ്ടപ്പെട്ടത്തി ഈ വകുപ്പ് കുറച്ചുകാലമായി പ്രവത്തിച്ചുവരുന്നു. അതിലൊന്നാണ് ഇപ്പോൾ കൊച്ചിൻ റസ്റ്റോറൻറുകൾ നിലനിത്തിവരുന്നതു്. കൊച്ചിൻ റസ്റ്റോറൻറുകൾ തുടങ്ങിയതു വളരെ നല്ല ഉദ്ദേശത്തോടുകൂടിയായിരുന്നു. അക്കാലത്തു അരിക്കു ക്ഷാമമായിരുന്നു. അതുകൊണ്ടു് ഗോതമ്പു്, ബജ്റ, ജോഹർ മുതലായ ഉണക്കധാന്യങ്ങൾ പ്രചരിപ്പിക്കാനും അതുകൊണ്ടുള്ള പലഹാരങ്ങൾ ഏതുപ്രകാരമാണു് ഉണ്ടാക്കേണ്ടതെന്നു ജനങ്ങളെ പഠിപ്പിച്ചു കൊടുക്കുവാനുമുള്ള ഉദ്ദേശത്തോടുകൂടിയാണു് കൊച്ചിൻ റസ്റ്റോറൻറുകൾ തുടങ്ങിയതു്. ഈ ഉദ്ദേശം കുറച്ചുകാലത്തോളം നിവ്വഹിച്ചുപോന്നിരുന്നു. പക്ഷെ ഇപ്പോൾ ധാന്യങ്ങൾ വേണ്ടിടത്തോളം കിട്ടുന്നില്ല.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: ഗോതമ്പ് ഒഴിച്ചു വേറെ ഒന്നും കിട്ടുന്നില്ലെന്നാണു് പറയുന്നതു്.

ചൌധരി ജി. എസ്സ്. ധാരാസിംഗ്: ഇപ്പോൾ അരിപലഹാരം ഒരു ഹോട്ടലിലും വില്ക്കാൻ പാടില്ലെന്ന ഒരുത്തരവു് ഗവമ്മെണ്ടു് പാസ്സാക്കിയിട്ടുണ്ടു്. അതുകൊണ്ടു് മറ്റു ഹോട്ടലുകളിലും ഉണക്കധാന്യങ്ങൾകൊണ്ടുള്ള പലഹാരമാണുള്ളതു്. ഈ നിലയിൽ കൊച്ചിൻ റസ്റ്റോറൻറുകൾക്കു യാതൊരു പ്രത്യേകതയുമില്ല. അങ്ങിനെ പ്രത്യേകമായി യാതൊരു സേവനവും ചെയ്യാത്ത കൊച്ചിൻ റസ്റ്റോറൻറുകൾക്കുവേണ്ടി എത്രയായിരം രൂപയാണു് കൊല്ലതോറും നശിപ്പിച്ചുകളയുകയെന്നുള്ളതു് ഈ സഭ മനസ്സിലാക്കിയിട്ടുണ്ടാവും. ഇപ്പോൾ കൊച്ചിൻ റസ്റ്റോറൻറുകൾ ചെയ്യുന്ന സേവനം പഞ്ചസാരച്ചായ എല്ലാവക്കും കൊടുക്കുകയെന്നുള്ളതാണു്. എന്നാൽ മറ്റു ഹോട്ടലുകളിലും, പഞ്ചസാര നേരിട്ടുള്ള വഴിയിൽകൂടി കിട്ടുന്നില്ലെങ്കിലും മറ്റു വഴിയിൽക്കൂടി വാങ്ങി എല്ലാവക്കും പഞ്ചസാരച്ചായ കൊടുക്കുന്നുണ്ടു്. അതുകൊണ്ടു് പഞ്ചസാരച്ചായ പ്രചരിപ്പിക്കുവാനായി ഗവമ്മെണ്ടിൽനിന്നും ഇത്രവളരെ പണം കൊച്ചിൻ റസ്റ്റോറൻറുകൾക്കു നൽകിവരുന്നതു് വലിയ അക്രമമാണു്, അനീതിയാണു്, ജനങ്ങളുടെ ആഗ്രഹത്തിനു വിരുദ്ധമാണു്. ജനങ്ങൾ ഒരിക്കലും അവരുടെ പണം അനാവശ്യമായി നശിപ്പിച്ചുകളയാൻ സമ്മതിക്കുകയില്ല. അതിനാൽ ജനപ്രതിനിധികളായ ഞങ്ങൾ ഇവിടെ വന്നു അതു് നിത്തണമെന്നാവശ്യപ്പെട്ടപ്പോൾ ഗവമ്മെണ്ടു് ഒഴികഴിവായിട്ടുള്ള മറുപടികൾ പറഞ്ഞു ഒഴിഞ്ഞുമാറി ഇതു് നിലനിത്തിക്കൊണ്ടുപോകാനുള്ള ഉദ്ദേശത്തോടുകൂടി പ്രവത്തിക്കുന്നു. ഇതിനെപ്പറ്റി ചിന്തിച്ചാൽ കൊച്ചിൻ റസ്റ്റോറൻറുകൾ നിലനിത്തിക്കൊണ്ടുവന്നതു് ചില പ്രത്യേക താല്പര്യങ്ങൾക്കുവേണ്ടിയല്ലേ എന്നുകൂടി സംശയിക്കേണ്ടിയിരിക്കുന്നു. കൊച്ചിൻ റസ്റ്റോറൻറുകൾവഴിക്കു ഈ വകുപ്പിലെ ചിലക്കും പലവരുമാനങ്ങളുമുണ്ടെന്നുള്ളതു് ഫുഡ്സപ്ലൈ ഡയറക്ടർതന്നെ അറിയാം. പക്ഷെ, അദ്ദേഹം അതിവിടെ സമ്മതിക്കുകയില്ല. അവക്കു കിട്ടുന്ന പഞ്ചസാരകൊണ്ടുമാത്രം മുപ്പതിനായിരവും, രണ്ടായിരവും രൂപാ മാസന്തോറും സമ്പാദിക്കാനുള്ള ഒരു സൌകര്യംകൂടി ക്ഷേണവകുപ്പിൽനിന്നു അവക്കു ചെയ്തുകൊടുത്തിട്ടുണ്ടു്. അതായതു ഒരു മാസത്തിൽ ൧൫ ൦൦൦, ൧൬൦൦൦ റാത്തൽ പഞ്ചസാര കിട്ടുന്ന കൊച്ചിൻ റസ്റ്റോറൻറുകൾ കൊച്ചിയിലുണ്ടു്. ഞാൻ വളരെ ഹോട്ടൽക്കച്ചവടക്കാരോടന്വേഷിച്ചതിൻറെ ഫലമായി, ഒരു റാത്തൽ പഞ്ചസാര ഒരു ഹോട്ടലിനു കിട്ടുകയാണെങ്കിൽ അവിടെ ൧൨ രൂപാ മുതൽ ൧൫ രൂപാ വരെയുള്ള സാധനങ്ങളുടെ കച്ചവടം നടത്താൻ സാധിക്കുമെന്നു മനസ്സിലാക്കിയിട്ടുണ്ടു്. അതിലെ ചുരുങ്ങിയ വരുമാനമായ ൧൨ രൂപവെച്ചു കണക്കാക്കിയാൽ, ഒരു ദിവസം ൪൦ റാത്തൽ പഞ്ചസാര കിട്ടുന്ന ഹോട്ടലിനുണ്ടാകുന്ന വരവു് ൫൦൦-നും ൫൪൦-നും മദ്ധ്യേയാണു്. പക്ഷെ ഏറ്റവും വലിയ കൊച്ചിൻ റസ്റ്റോറണ്ടിൻറെ വരവു് ൧൫൦൦-നും ൧൪൦൦-നും മദ്ധ്യേയാണു്. അതുകൊണ്ടു് ൫൪൦ മുതൽ ൧൦൦ റാത്തൽ പഞ്ചസാരവരെ മാത്രമെ ഒരു ഹോട്ടലിനാവശ്യമുള്ളു. ബാക്കിയുള്ള പഞ്ചസാര റാത്തലൊന്നിനു ൧ രൂപാ വെണ.യും, ൧ രൂപ ൧൦ണ.യുമായി കരിഞ്ചന്തവഴി വില്ക്കുകയാണു് ചെയ്യുന്നതു്. ഇങ്ങനെ വില്ക്കുന്നതെങ്കിലും അതൊന്നും ഇതുവരെ പിടിക്കുകയുണ്ടായിട്ടില്ല. ഇതിൽനിന്നു പലർക്കും കമ്മീഷനുണ്ടു് എന്നുള്ളതുകൊണ്ടാണു് ഇതു് പിടിക്കാത്തതു്. പക്ഷെ ഇതെല്ലാം ജനങ്ങളറിഞ്ഞുകഴിഞ്ഞിട്ടുള്ള പരസ്യമായ രഹസ്യമാണു്. ചില റസ്റ്റോറൻറുകളിൽ മിച്ചം വരുന്ന പഞ്ചസാര വിറ്റുകൊണ്ടുമാത്രം വലിയ സംഖ്യ വരുമാനമുണ്ടാക്കുന്നുണ്ടു്. ഇതിനുപുറമെ വലിയ കെട്ടിടങ്ങൾ ഗവമ്മെണ്ടിൽനിന്നു വാടകയ്ക്കെടുത്തുകൊടുത്തും, ഗവമ്മെണ്ടുവക കെട്ടിടങ്ങൾ യാതൊരു വാടകയുമില്ലാതെ കൊടുത്തും ആണു് റസ്റ്റോറൻറുകൾ നടത്തിക്കുന്നതു്, ലൈറ്റിംഗ് ചാർജ്ജും അവക്കു സൌജന്യമാണു്. ഇതിനൊക്കെ പുറമെയാണു് ദിവസം ൪൦൦, ൫൦൦ റാത്തൽ പഞ്ചസാര വീതം കൊടുക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

